പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നംപർ. 481

05.07.2012 ൽ
മറുപടി ക്ക്

കശുവണ്ടി വ്യവസായത്തിന്റെ പ്രതിസന്ധി

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ :
" സി. ദിവാകരൻ :
" കെ. രാജു :
" ജി.എസ്. ജയലാൽ :

ഉത്തരം

ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവരസാങ്കേതികവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | രൂപയുടെ മൂല്യത്തകർച്ച കശുവണ്ടി വ്യവസായത്തെ വൻപ്രതിസന്ധിയിലാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഡോളറിനെതിരെ രൂപയുടെ മൂല്യം കുത്തനെ ഇടിഞ്ഞത് കശുവണ്ടി സംസ്കരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തു നിന്നും പ്രതിവർഷം എത്ര ടൺ കശുവണ്ടി കയറ്റി അയയ്ക്കുന്നുണ്ട്; | (ബി) | സംസ്ഥാനത്തു നിന്നും പ്രതിവർഷം ഏകദേശം 70,000 ടൺ കശുവണ്ടി കയറ്റി അയയ്ക്കുന്നുണ്ട്. |
| (സി) | ഒരു വർഷത്തേയ്ക്ക് എത്രമാത്രം തോട്ടണ്ടി സംസ്ഥാനത്തേയ്ക്ക് ഇറക്കുമതി ചെയ്യുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (സി) | പ്രതിവർഷം സംസ്ഥാനത്തേയ്ക്ക് ഏകദേശം 4.55 ലക്ഷം ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നുണ്ട്. |
| (ഡി) | കശുവണ്ടി വ്യവസായത്തിലെ ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | (ഡി) | ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയാണ് കാഷ്യൂ കോർപ്പറേഷനും, കാപെക്സും അടക്കമുള്ള സ്ഥാപനങ്ങൾ പ്രധാനമായും പ്രോസസിംഗിന് ആശ്രയിക്കുന്നത്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി ആഭ്യന്തര വിപണി യിൽ നിന്നും കൂടുതൽ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി ലഭ്യമായ സ്ഥലത്ത് ജൈവാധിഷ്ഠിത കശുമാവ് കൃഷി ചെയ്യുന്നതിനും കശുവണ്ടി സംഭരണ ബാങ്ക് സ്ഥാപിക്കുന്നതിനും കശുവണ്ടി മേഖലയുടെ ആധുനികവൽക്കരണത്തിനും സൗകര്യങ്ങൾ |

മെച്ചപ്പെടുത്തുന്നതിനും ബ്രാൻഡ് നിർമ്മാണം തുടങ്ങിയ പദ്ധതിക്കായി കശുവണ്ടി വികസന കോർപ്പറേഷന് 37.90 കോടി രൂപയും കാപെക്സിന് 23 കോടി രൂപയും ഈ സാമ്പത്തിക വർഷം പദ്ധതി ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 22.90 കോടി രൂപയും കാപെക്സിന് 14 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും വേണ്ടി കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിലുള്ള കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷന് 4.1 കോടി രൂപയും പദ്ധതിയിനത്തിൽ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ